## പ്രധാനവാർത്തകൾ

1. രാജ്യത്തെ നീതിന്യായ വ്യവസ്ഥയിൽ ജനങ്ങൾ അർപ്പിക്കുന്ന വിശ്വാസവും ആദരവും കാത്തു സൂക്ഷിക്കേണ്ടത് അനിവാര്യമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ.

2. ബ്രസീലിലെ റിയോ-ഡി ജനീറോയിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിയുടെ രണ്ടാം ദിനം പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട സെഷനിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും.

3. സംസ്ഥാനത്ത് നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതം. പാലക്കാട് സമ്പർക്ക പട്ടികയിലെ 9 പേരുടെ സാമ്പിൾ പരിശോധനാ ഫലം നെഗറ്റീവ്.

4. സസ്പെൻഷനെതിരെ കേരള സർവ്വകലാശാലാ രജിസ്ട്രാർ ഹൈക്കോടതിയിൽ നൽകിയ ഹർജി പിൻവലിച്ചു.

5. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ മികവിന്റെ പാതയിലേക്ക് നയിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി വി ശിവൻകുട്ടി.

6. സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്ക് ശക്തമായ കാറ്റിനും സാധ്യത യെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത .

RNU TVPM

***********************************

ഉപരാഷ്ട്രപതി

രാജ്യത്തെ നീതിന്യായ വ്യവസ്ഥയിൽ ജനങ്ങൾ അർപ്പിക്കുന്ന വിശ്വാസവും ആദരവും കാത്തു സൂക്ഷിക്കേണ്ടത് അനിവാര്യമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ.

കളമശ്ശേരി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. രണ്ടുദിവസത്തെ കേരള സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങി. ഗുരുവായൂർ ക്ഷേത്ര ദർശനം നടത്തിയ ശേഷം നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും വ്യോമസേനയുടെ പ്രത്യേക വിമാനത്തിലാണ് അദ്ദേഹം മടങ്ങിയത്.

***********************************

RNU TVPM

പ്രധാനമന്ത്രി

ബ്രസീലിലെ റിയോ-ഡി ജനീറോയിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിയുടെ രണ്ടാം ദിനം പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട സെഷനിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഇന്ത്യയുടെ പ്രതിബദ്ധത അദ്ദേഹം അവതരിപ്പിക്കും. സെഷനിൽ പങ്കെടുത്ത ശേഷം പ്രധാനമന്ത്രി ബ്രസീലിൻറെ തലസ്ഥാനമായ ബ്രസീലിയയിലേക്ക് പുറപ്പെടും. പ്രധാനമന്ത്രിയുടെ സന്ദർശനത്തിൻറെ ഭാഗമായി ഇരു രാജ്യങ്ങളും തമ്മിൽ നാല് ധാരണാ പത്രങ്ങളിൽ ഒപ്പുവയ്ക്കുമെന്ന് ബ്രസീലിലെ ഇന്ത്യൻ അംബാസിഡർ ദിനേശ് ഭാട്ടിയ വ്യക്തമാക്കി.

***********************************

നിപ- എ കെ ശശീന്ദ്രൻ

സംസ്ഥാനത്ത് നിപ വയറസ് ബാധ റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിൽ നാഷണൽ വയറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും എത്തുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായം ഉറപ്പാക്കണമെന്ന് വനംമന്ത്രി

എകെ ശശീന്ദ്രൻ. ഇത് സംബന്ധിച്ച് എല്ലാ സർക്കിൾ ചീഫ് കൺസർവേറ്റർമാർക്കും ഡി എഫ് ഒ മാർക്കും ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിർദേശം നൽകി. വവ്വാലുകൾ ഉള്ള പ്രദേശങ്ങൾ സന്ദർശിച്ചു അവയിൽ നിന്നും സാമ്പിൾ ശേഖരിക്കുന്നതിനാണ് സംഘമെത്തുന്നത്.

************************************

നിപ -വീണാജോർജ്

സംസ്ഥാനത്ത് നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതം. ആരോഗ്യ മന്ത്രി വീണാ ജോർജ്ജിന്റെ നേതൃത്വത്തിൽ ഇന്ന് പാലക്കാട് അവലോകന യോഗം ചേർന്നു. പാലക്കാട് നിപ സ്ഥിരീകരിച്ച യുവതി കോഴിക്കോട് മെഡിക്കൽ കോളെജിൽ ഗുരുതരാവസ്ഥയിൽ തുടരുകയാണെന്ന് മന്ത്രി അറിയിച്ചു. രോഗ വ്യാപനം തടയുന്നതിന് മുൻഗണന നൽകിയുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും ശ്രീമതി വീണാ ജോർജ് പറഞ്ഞു.

************************************

പാലക്കാട് - നിപ (ഇൻട്രോ)

അതേസമയം, പാലക്കാട് ജില്ലയിൽ നിലവിൽ ഒരാൾ മാത്രമാണ് നിപ സ്ഥിരീകരിച്ച് ചികിത്സയിൽ ഉള്ളതെന്നും, സമ്പർക്ക പട്ടികയിലെ 9 പേരുടെ സാമ്പിൾ പരിശോധനാ ഫലം നെഗറ്റീവാണെന്നും ജില്ലാ കളക്ടർ അറിയിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്..**

**(വോയിസ്)**

************************************

നിപാ- മലപ്പുറം

നിപാ സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ കനത്ത ജാഗ്രത തുടരുന്നു. മക്കരപ്പറമ്പ്, കൂട്ടിലങ്ങാടി, കുറുവ, മങ്കട

RNU TVPM

പഞ്ചായത്തുകളിലെ 20 വാർഡുകളാണ് കണ്ടെയ്ൻമെൻറ് സോണുകൾ. മാസ്ക് ധരിക്കണമെന്നും കൂട്ടം കൂടുന്നത് ഒഴിവാക്കണമെന്നും കർശന നിർദേശമുണ്ട്. വീടുകളിലെ സന്ദർശനവും പനി സർവൈലൻസും തുടരുകയാണ്. കൂടുതൽ ഐസിയു, ഐസൊലേഷൻ സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

***********************************

**മഹിളാ കോൺഗ്രസ്**

കോട്ടയം മെഡിക്കൽ കോളേജ് കെട്ടിടം തകർന്ന സംഭവത്തിൽ ആരോഗ്യമന്ത്രി വീണാ ജോർജ്ജ് രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് മഹിളാ കോൺഗ്രസിൻറെ നേതൃത്വത്തിൽ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിൽ സംഘർഷം. സംഘർഷം രൂക്ഷമായതോടെ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു. തുടർന്ന് പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി. സംഘർഷത്തിൽ മൂന്ന് പേർക്ക് പരിക്കേറ്റു. ആരോഗ്യ മന്ത്രി രാജിവയ്ക്കണം എന്നാവശ്യപ്പെട്ട് തൊടുപുഴ ജില്ലാ ആശുപത്രിയിലേക്ക് ബി ജെ പി നടത്തിയ മാർച്ചിലും സംഘർഷമുണ്ടായി.

***********************************

**രജിസ്ട്രാർ സസ്പെൻഷൻ**

RNU TVPM

സസ്പെൻഷനെതിരെ ഹൈക്കോടതിയിൽ നൽകിയ ഹർജി കേരള സർവ്വകലാശാലാ രജിസ്ട്രാർ കെ എസ് അനിൽകുമാർ പിൻവലിച്ചു. തന്നെ ജോലിയിൽ തിരിച്ചെടുത്തെന്ന് രജിസ്ട്രാർ കോടതിയെ അറിയിച്ചു. തുടർന്ന് ഹർജി പിൻവലിക്കാൻ ഹൈക്കോടതി രജിസ്ട്രാർക്ക് അനുമതി നൽകുകയായിരുന്നു. അതേസമയം, രജിസ്ട്രാറുടെ സസ്പെൻഷൻ സിൻഡിക്കേറ്റ് റദ്ദാക്കിയതിലും തിരികെ ചുമതലയേറ്റതിലും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ റിപ്പോർട്ട് തേടി. താത്കാലിക വി സി സിസ തോമസിനോടാണ് ഗവർണർ റിപ്പോർട്ട് തേടിയത്.

***********************************

**മന്ത്രി ആർ .ബിന്ദു-(intro)**

മുന്നേറ്റത്തിൻറെ പാതയിലുള്ള കേരളത്തിലെ സർവകലാശാലകൾക്ക് വിലങ്ങുതടിയായി വൈസ് ചാൻസലർമാർ നിൽക്കരുതെന്ന് മന്ത്രി ആർ .ബിന്ദു. കേരള സർവകലാശാല സിൻഡിക്കേറ്റ് നടപടിയെ അഭിനന്ദിച്ച മന്ത്രി, തൽക്കാലിക വൈസ് ചാൻസലർമാർ സ്വീകരിക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകളെ തകർക്കുന്നതാണെന്നും മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്)

**********************************

## വി.ഡി.സതീശൻ

സർവകലാശാലകളെ സംഘർഷഭരിതമാക്കുന്നത് വിദ്യാർത്ഥി കളയും രക്ഷകർത്താക്കളേയും ഒരു പോലെ ആശങ്കയിലാക്കുമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. ഉപരിപഠനത്തിനായി കേരളത്തിലെ കുട്ടികൾ അന്യസംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കും പോകുന്നതിന് കാരണം ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ചയാണെന്നും , കുട്ടികളുടെ ഭാവി മറന്നുള്ള രാഷ്ട്രീയം അവസാനിപ്പിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

RNU TVPM

**********************************

## വി. ശിവൻകുട്ടി പ്രസ് മീറ്റ്

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ മികവിന്റെ പാതയിലേക്ക് നയിക്കാൻ സംസ്ഥാനസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി വി ശിവൻകുട്ടി. പഠനനിലവാരം ഉയർത്താനും കുട്ടികളുടെ സമഗ്ര വികാസം ഉറപ്പാക്കാനും നിരവധി സുപ്രധാന തീരുമാനങ്ങൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം കൂടുതൽ ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2024-25 അധ്യയന വർഷം മുതൽ എട്ടാം ക്ലാസിലും തുടർന്ന് 5 മുതൽ 9 വരെയുള്ള ക്ലാസുകളിലും സബ്ജക്റ്റ് മിനിമം നടപ്പിലാക്കിയിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

**********************************

കെ ടാപ്പ് കണ്ണൂർ (ഇൻട്രോ)

കുടുംബശ്രീയുടെ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെൻറ് പ്രോഗ്രാം -കെ ടാപ്പ് പദ്ധതിക്ക് കണ്ണൂരിൽ തുടക്കമായി. കാർഷിക മേഖലയിൽ ഗവേഷണം നടത്തുന്ന സ്ഥാപനങ്ങളുടെ 189 ഓളം നൂതന സാങ്കേതിക വിദ്യകൾ കർഷകർക്കും സംരംഭകർക്കും ലഭ്യമാക്കുന്ന പദ്ധതിയാണ് കെ ടാപ്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ

(വോയിസ്)

***********************************

വി എസ്

മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻറെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നതായി മെഡിക്കൽ ബുള്ളറ്റിൻ. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലെ തീവ്ര പരിചരണ വിഭാഗത്തിലാണ് അദ്ദേഹം ചികിത്സയിലുള്ളത്.

***********************************

കാലാവസ്ഥ

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മുതൽ ഈമാസം 11 വരെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും സാധ്യത ഉള്ളതിനാൽ പൊതുജനങ്ങൾക്ക് ജാഗ്രത നിർദേശം പുറപ്പെടുവിച്ചു. അപകടാവസ്ഥയിലുള്ള മരങ്ങൾ പൊതുവിടങ്ങളിൽ ശ്രദ്ധയിൽ പെട്ടാൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കണം. കർണാടക തീരത്ത് മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNU TVPM

************************************

**C. S. രാധാദേവി**

ആദ്യകാല പ്രമുഖ ആകാശവാണി കലാകാരിയും ഗായികയും ചലച്ചിത്ര നടിയുമായിരുന്ന C. S. രാധാദേവി അന്തരിച്ചു. 94 വയസ്സായിരുന്നു. സംസ്കാരം ഇന്ന് രാത്രി പുത്തൻകോട്ട ശ്മശാനത്തിൽ നടക്കും.

************************************

**പാറയിടിഞ്ഞുവീണു**

പത്തനംതിട്ട കോന്നി പയ്യനാമണ്ണിൽ ക്വാറി പ്രവർത്തിച്ചുകൊണ്ടിരിക്കെ ഹിറ്റാച്ചിക്ക് മുകളിലേക്ക് പാറയും മണ്ണും ഇടിഞ്ഞ് വീണ് രണ്ട് അന്യ സംസ്ഥാന തൊഴിലാളികൾ കുടുങ്ങി. അഗ്നിരക്ഷാ സേനയുടെയും പോലീസിൻ്റെയും നേതൃത്വത്തിൽ രക്ഷാ പ്രവർത്തനം നടന്നു വരികയാണ്. ഒഡീഷ സ്വദേശികളായ മഹാദേവ് , അജയ് റായ് എന്നിവരാണ് ഹിറ്റാച്ചിയിൽ കുടുങ്ങിയത്. എൻ ഡി ആർ എഫ് സംഘം സംഭവസ്ഥലത്തേക്ക് ഉടൻ എത്തുമെന്ന് ജില്ല കളക്ടർ അറിയിച്ചു.

RNUTVPM

************************************

**ബസ് സമരം**

നാളത്തെ ബസ് സമരം ഒഴിവാക്കാൻ സ്വകാര്യ ബസ് ഉടമകളുമായി ഗതാഗത കമ്മീഷണർ നടത്തിയ ചർച്ച പരാജയം. ചർച്ച പരാജയപ്പെട്ടതോടെ നാളെ സംസ്ഥാന വ്യാപകമായി സൂചനാ പണിമുടക്ക് നടത്തുമെന്ന് സ്വകാര്യ ബസ് ഉടമകൾ അറിയിച്ചു. ചർച്ച പരാജയപ്പെട്ട സാഹചര്യത്തിൽ മന്ത്രി കെ ബി ഗണേഷ് കുമാർ, ബസ് ഉടമകളുമായി വീണ്ടും ചർച്ച നടത്തും. മന്ത്രിതല ചർച്ചയും പരാജയപ്പെട്ടാൽ ഈ മാസം 22 മുതൽ അനിശ്ചിതകാല ബസ് സമരം നടത്താനാണ് സ്വകാര്യ ബസ് ഉടമകളുടെ തീരുമാനം.

വിദ്യാർത്ഥി കൺസഷൻ വർധിപ്പിക്കണമെന്നതടക്കമുള്ള ആവശ്യങ്ങൾ ഉന്നയിച്ചാണ് സൂചനാ പണിമുടക്ക് നടത്തുന്നത്. അതേസമയം,

സ്വകാര്യബസ്സുകൾ പണിമുടക്കുന്ന സാഹചര്യത്തിൽ കെ എസ് ആർ ടി സി യുടെ മുഴുവൻ ബസ്സുകളും നാളെ പൂർണതോതിൽ പ്രവർത്തനം ഉറപ്പാക്കണമെന്ന് എല്ലാ യൂണിറ്റുകൾക്കും അധികൃതർ നിർദ്ദേശം നൽകി.

***********************************

***************************

*******************

RNU TVPM